# പതിനാലാം കേരള നിയമസഭ

*രണ്ടാം സമ്മേളനം*

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 5237

31.10.2016-ൽ മറുപടിക്ക്

## മുനിസിപ്പൽ കോമൺ സർവ്വീസിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലേക്കുള്ള നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | ശ്രീ. പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |
| (എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 2014, 2015 വർഷങ്ങളിൽ 571/2014, 137/2015 എന്നീ കാറ്റഗറി നമ്പരുകളിൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ നിയമനത്തിന് എസ്.എസ്.എൽ.സി. വിജയവും സാനിറ്ററി ഇൻസ്പെക്ടർ സർട്ടിഫിക്കറ്റും മാത്രമാണ് യോഗ്യതയായി ആവശ്യപ്പെട്ടിരുന്നതെങ്കിലും ഈ തസ്തികയിൽ ഡിപ്ലോമാക്കാരെയും ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) കേരള സർക്കാരിന്റെ ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസിന്റെ കീഴിൽ നടത്തുന്ന രണ്ട് വർഷത്തെ ഡിപ്ലോമാ ഇൻ ഹെൽത്ത് ഇൻസ്പെക്ടേഴ്സ് കോഴ്സ് യോഗ്യത മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയുടെ തെരഞ്ഞെടുപ്പിന് പരിഗണിക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സുകളുടെ ഉയർന്ന യോഗ്യതയായി കണക്കാക്കി ആയിരുന്നു പ്രസ്തുത തീരുമാനം. |
| (ബി) സർട്ടിഫിക്കറ്റ് കോഴ്സ് പഠിച്ച് ദീർഘ കാലമായി ജോലിക്കായി കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികളെ അവഗണിച്ച് കൊണ്ട് പി.എസ്.സി. ഇത്തരം ഒരു നിലപാട് സ്വീകരിച്ചത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) ഇക്കാര്യത്തിൽ പി.എസ്.സി. കൈക്കൊണ്ട തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഈ തസ്തികയിൽ ആരോഗ്യ വകുപ്പിൽ എല്ലാ വർഷവും ഡിപ്ലോമക്കാർക്കായി അവസരങ്ങൾ ലഭിക്കുമ്പോൾ, മുനിസിപ്പൽ കോമൺ സർവ്വീസിൽ സാനിറ്ററി ഇൻസ്പെക്ടർ സർട്ടിഫിക്കറ്റ് കോഴ്സ് | (സി) ഈ വിഷയം കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ള വിഷയമാണ്. പ്രസ്തുത കേസിൽ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രതിസ്ഥാനത്താണ്. കേരളാ പബ്ലിക് |

| | |
|---|---|
| കഴിഞ്ഞവർക്ക് 9 വർഷത്തിനു ശേഷം മാത്രമാണ് അവസരം ലഭിച്ചിരിക്കുന്നത് എന്ന വസ്തുത കണക്കിലെടുത്ത് ടി തസ്തികയിൽ പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ ആവശ്യപ്പെട്ട യോഗ്യതയുള്ളവരെ മാത്രം ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീഡ്യുയർ പ്രകാരം ഒരു തസ്തികയുടെ നിയമനത്തിന് വിജ്ഞാപനം പുറപ്പെടുവിക്കുക, റാങ്ക് ലിസ്റ്റ് തയ്യാറാക്കുക, അഡ്വൈസ് ചെയ്യുക എന്നിവയെല്ലാം ഭരണഘടനാ സ്ഥാപനമായ പി.എസ്.സി. യുടെ അധികാര പരിധിയിൽ വരുന്ന വിഷയമാണ്. അതിനാൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തുന്നതിൽ സർക്കാർ ഇടപെടുന്നത് ഉചിതമല്ല. |

സെക്ഷൻ ഓഫീസർ